# Malayala Manorama

## 18 August 2018

## Kochi, Free Bus Service, Relief Camps

# ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് സൗജന്യ ബസ് സർവീസ്

കൊച്ചി ● പ്രളയക്കെടുതിയിൽ പെട്ടവരെ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ സൗജന്യമായി ബസിൽ എത്തിക്കുന്നതിനു സ്വകാര്യ ബസ് ഉടമാസംഘം രംഗത്ത്. അതതു സ്ഥലത്തെ ഉദ്യോഗസ്ഥരുടെ ആവശ്യപ്രകാരമാണ് ബസ് സൗജന്യമായി സർവീസിനു വിട്ടുകൊടുക്കുന്നത്. ഇന്നലെ പറവൂർ മേഖലയിൽ ഏതാനും സർവീസ് നടത്തിയതായി പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എം.ബി. സത്യനും സെക്രട്ടറി ലോറൻസ് ബാബുവും അറിയിച്ചു.